[അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. കെ. കെ. ബാവ]

മി. ചെയർമാൻ: ശ്രീ. എം.കെ. പോൾസൺ മാസ്റ്റർ.....ഇതേ വിഷയം സംബന്ധിച്ച് ശ്രീ. കെ. പി. രാജേന്ദ്രനും ശ്രീ. കെ. എ. ചന്ദ്രനും സബ്മിഷൻ ഉന്നയിക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്.

(2) തൃശൂർ ജില്ലയിലെ കർഷകരിൽനിന്നും നെല്ല് സംഭരിക്കുന്നതിൽ വന്നിട്ടുള്ള പോരായ്മകൾ

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: തൃശൂർ ജില്ലയിലെ 30,000-ത്തോളം ഏക്കർ വിസ്തൃതിയുള്ള കോൾ കാർഷിക മേഖലയിൽ ഇപ്പോൾ മുണ്ടകൻ കൊയ്ത്തു നടന്നു കൊണ്ടിരിക്കുകയാണ്. അടുത്ത മാസം ആകുമ്പോൾ കൊയ്ത്ത് പൂർണ്ണമാകുകയാണ്. കൊയ്തെടുത്ത നെല്ല് വാങ്ങാൻ ഇന്ന് ആരും വരാത്തതുകൊണ്ട് കർഷകർ വലിയ പ്രതിസന്ധിയിൽപ്പെട്ടിരിക്കുകയാണ്. രണ്ടു ദിവസമായി തൃശൂർ ജില്ലയിൽ മഴ പെയ്യുന്നുണ്ട്. മഴയും വെയിലും കൊണ്ട് പാടത്ത് കൂട്ടിയിട്ടിരിക്കുന്ന നെല്ലിന് വളരെയേറെ കേടുപറ്റുന്ന ഒരു സ്ഥിതിവിശേഷം തൃശൂർ ജില്ലയിൽ ഉണ്ടായിരിക്കുന്നു. അത്താണി നെല്ല് സംസ്കരണ സഹകരണ സംഘം, അടാട്ട് ഫാർമേഴ്സ് ബാങ്ക് മറ്റ് ഏഴ് സംഘങ്ങൾകൂടി ചേർന്നുകൊണ്ടാണ് തൃശൂർ ജില്ലയിലെ നെല്ല് സംഭരിക്കുന്നത്. എന്നാൽ കഴിഞ്ഞ കാലഘട്ടങ്ങളിൽ വാങ്ങിയ നെല്ലിന്റെ കുടിശ്ശിക കൊടുത്തു തീർക്കാത്തതുകൊണ്ട് ഈ തവണ അവരൊന്നും നെല്ല് വാങ്ങാൻ രംഗത്ത് വരുന്നില്ല. കഴിഞ്ഞ വർഷം നെല്ലിന് ക്വിന്റലിന് 760 രൂപയാണ് സംഭരണ വില നിശ്ചയിച്ചിരുന്നത് ഈ വർഷം 740 രൂപയായി നിശ്ചയിച്ചു. അത് വീണ്ടും 720 രൂപയായി പുതുക്കി നിശ്ചയിച്ചു. ഈ വർഷം പ്രകൃതിക്ഷോഭവും മറ്റ് ചെലവുകളുംകൂടി ഉൽപാദനച്ചെലവ് വളരെയേറെ വർദ്ധിക്കുന്ന സാഹചര്യമുണ്ടായി. ഒരു ഏക്കറിന് 15,000 രൂപയോളം ഉല്പാദന ചെലവ് വരുന്ന സന്ദർഭത്തിൽ നെല്ലിന്റെ സംഭരണവില കുറയ്ക്കുകയാണുണ്ടായത്. ഏത് തരത്തിലാണ് വില നിശ്ചയിക്കുന്നതെന്നറിയില്ല. കഴിഞ്ഞ രണ്ടു വർഷമായി വില നിശ്ചയിക്കുന്ന കമ്മിറ്റിയിൽ സർക്കാരിന്റെ പ്രതിനിധികളും കളക്ടറുടേയും കൃഷി വകുപ്പിന്റേയും സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റേയും ഉദ്യോഗസ്ഥൻമാരും മാത്രമാണ് ഉണ്ടായിരുന്നത്. കർഷകരുടെ പ്രതിനിധികളില്ല. എങ്ങനെയാണ് ഈ വില നിശ്ചയിക്കുന്നത് എന്നതിനെക്കുറിച്ച് കർഷകർക്ക് പ്രത്യേകമായ ഒരു വിവരവുമില്ല. നിശ്ചയിക്കുന്ന വിലയ്ക്കനുസരിച്ച് വാങ്ങാൻ ആളില്ല എന്ന ഏറ്റവും വലിയ പ്രതിസന്ധി ഉണ്ടായിരിക്കുന്നു. ഈയടുത്ത കാലത്തായി ഏജൻസികൾ വാങ്ങാൻ വരാത്തതുകാരണം കർഷകർ വലിയ പ്രതിസന്ധിയിൽപ്പെട്ടിരിക്കുന്നു. കാലടി കേന്ദ്രമായി പ്രവർത്തിക്കുന്ന സഹകാരി മില്ലുകാർ ഇന്ന് തൃശൂർ ജില്ലയിൽ ചുറ്റിക്കറങ്ങുകയാണ്. 550 മുതൽ 600 രൂപ വരെ അവർ വില നിശ്ചയിക്കുന്നു. ഈ വിലയ്ക്ക് കൊടുക്കാൻ കർഷകർ നിർബന്ധിതരാകുകയാണ്. അങ്ങനെ കൊടുക്കുമ്പോൾ ഒരിക്കലും അവർക്ക് ഉൽപാദന

LIBRARY ARCHIVES Kerala Legislative Assembly

ചെലവുമായി പൊരുത്തപ്പെട്ടു പോകാൻ കഴിയില്ല എന്നതുകൊണ്ട് പലരും പാടത്ത് കൂട്ടിയിട്ടിരിക്കുകയാണ്. അതുകൊണ്ട് നെല്ല് സംഭരിക്കുന്നതിന് ഒരു സംവിധാനം പ്രത്യേകമായി നമ്മുടെ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടിയിരിക്കുന്നു. നാലു കോടി രൂപ തൃശൂർ ജില്ലയിൽത്തന്നെ കൊടുത്തു തീർക്കാനുണ്ട്. അതിന്റെ പൂർണ്ണമായ വിവരത്തെക്കുറിച്ച് എന്റെ സ്നേഹിതൻ ശ്രീ. കെ. എ. ചന്ദ്രൻ ഇപ്പോൾ റിപ്പോർട്ട് തരികയുണ്ടായി. പാലക്കാട് ജില്ലയിൽ 3,55,82,000 രൂപ കൊടുത്തു തീർക്കാനുണ്ടെന്ന് പറയുന്നു. ആലപ്പുഴയിലെ കണക്കുകൂടി കൂട്ടുമ്പോൾ മൊത്തം പത്തു കോടിയോളം രൂപ കഴിഞ്ഞ വർഷങ്ങളിൽ സംഭരിച്ച നെല്ലിന് സംഭരണ വിലയായി ഏജൻസികൾക്ക് കൊടുത്തു തീർക്കാനുണ്ടെന്ന ഒരു വലിയ ബാദ്ധ്യത നമുക്കുണ്ട്. ഏറ്റവും വേഗം അതിന് പരിഹാരമുണ്ടായില്ലെങ്കിൽ കർഷകർ വലിയ ബുദ്ധിമുട്ടിലാകുമെന്നതിൽ സംശയമില്ല. ജന്മി-കുടിയാൻ വ്യവസ്ഥ അവസാനിച്ചുവെന്ന് നാം പറയുമ്പോഴും പലപ്പോഴും വലിയ ഭൂവുടമകളുടെ കൈയിൽനിന്നും ഭൂമി പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്ന ആളുകൾ തൃശൂർ ജില്ലയിലുണ്ട്. അവരാണ് ഇന്ന് ഏറ്റവുമധികം വിഷമിക്കുന്നത്. പുഞ്ച കൃഷിക്ക് പകുതി നെല്ല്, മുണ്ടകന് മൂന്നിലൊന്ന് ഈ വിധത്തിൽ ജന്മിക്ക് നൽകണം. ഇതു കൂടാതെ പാടം ഒരുക്കാനും വിത്തിടാനും വളം ചേർക്കാനും ജലസേചനച്ചെലവും കൂടിയാകുമ്പോൾ ഭൂമി പാട്ടത്തിനെടുത്ത കർഷകർ ഇന്ന് ഏറ്റവും വലിയ പ്രതിസന്ധിയിലാണ്. ബാങ്കിൽ നിന്നും എടുത്ത കടം തിരിച്ചടയ്ക്കാൻ പറ്റാത്തതും നെല്ലിന് വില ലഭിക്കാത്തതും വലിയ ഒരു അപകടമായാണ് നിൽക്കുന്നത്. കഴിഞ്ഞ വർഷംവരെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഏജന്റൻമാരിൽനിന്നും അരി വാങ്ങിയിരുന്നു. അത്താണിയിലെ സഹകരണ മില്ലിൽനിന്നും സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഓരോ മാസവും 60 ടൺ അരിയാണ് വാങ്ങിയിരുന്നത്. ഈ തവണ സിവിൽ സപ്ലൈസ് കോർപ്പറേഷൻ അരി വാങ്ങാൻ വരുന്നില്ല എന്നുള്ളതാണ് ഏറ്റവും വലിയ പ്രതിസന്ധി ഉണ്ടാക്കിയിരിക്കുന്നത്. സ്വാഭാവികമായും സിവിൽ സപ്ലൈസ് കോർപ്പറേഷൻ അരി വാങ്ങാൻ തയ്യാറായാൽ ഒരുപാട് പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കും. മാർക്കറ്റ് റേറ്റിൽ നിന്ന് ഒരു രൂപയെങ്കിലും താഴ്ത്തി സിവിൽ സപ്ലൈസ് കോർപ്പറേഷൻ അരി വാങ്ങുകയാണെങ്കിൽ ഈ മില്ലുകൾക്കൊക്കെ പിടിച്ചുനിൽക്കാൻ സാധിക്കുമെന്നാണ് വിശ്വസിക്കുന്നത്. ഇത് കേവലം കൃഷിക്കാരുടെ മാത്രം പ്രശ്നമല്ല. കൃഷിവകുപ്പിന് മാത്രമായി ബന്ധമുള്ള കാര്യവുമല്ല. കാരണം കേരളത്തിലെ 70 ശതമാനം ജനങ്ങളും കർഷകരും കർഷകത്തൊഴിലാളികളുമാണ്. അതുകൊണ്ട് ഇത് 70 ശതമാനം ജനങ്ങളുടെ പ്രശ്നമാണ്. നമ്മുടെ സംസ്ഥാനത്ത് ഒരുപാട് വൻകിട വ്യവസായ സ്ഥാപനങ്ങളുടെ—പൊതുമേഖലാ സ്ഥാപനങ്ങളാണെങ്കിലും

11.00 a.m.] പരമ്പരാഗത വ്യവസായ സ്ഥാപനങ്ങളാണെങ്കിലും—കോടിക്കണക്കിന് രൂപയുടെ ബാദ്ധ്യത സംസ്ഥാന ഗവൺമെന്റ് എഴുതിത്തള്ളാറുണ്ട്. അവയുടെ പ്രവർത്തനങ്ങൾക്ക് വേണ്ടി കോടിക്കണക്കിന് രൂപ ഗവൺമെന്റ് പിന്നെയും കൊടുക്കാറുണ്ട്. പക്ഷെ നമ്മുടെ സംസ്ഥാനത്തെ 70 ശതമാനം വരുന്ന കർഷകരുടെ

LIBRARY ARCHIVES Kerala Legislative Assembly

പ്രശ്നങ്ങൾക്ക് ബഡ്ജറ്റിന്റെ വലിയൊരു ഭാഗം നീക്കിവയ്ക്കുന്നില്ല. കോടിക്കണക്കിന് രൂപ കൊണ്ട് പരമ്പരാഗത വ്യവസായങ്ങൾക്കും അതുപോലെതന്നെ പൊതുമേഖലാ സ്ഥാപനങ്ങൾക്കും അവരുടെ കടം വീട്ടാനും വീണ്ടും നടത്താനുമൊക്കെ പണം ചെലവഴിക്കുമ്പോൾ 70 ശതമാനം വരുന്ന കർഷകർക്ക് വേണ്ടി ബഡ്ജറ്റിൽ വലിയ തുക വക കൊള്ളിക്കേണ്ടിയിരിക്കുന്നു. ആ വിധത്തിൽ ഏറ്റവും അടിയന്തിരമായി കൊടുത്തു തീർക്കാനുള്ള മുഴുവൻ കുടിശ്ശികയും കൊടുത്തു തീർക്കാനുള്ള സാഹചര്യമുണ്ടാക്കണം. ബഡ്ജറ്റിൽ കൃഷിക്കുവേണ്ടി ഒരു വലിയ ഭാഗം നീക്കിവയ്ക്കണം. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ കൃഷിക്കുവേണ്ടി പ്രത്യേക പാക്കേജ് നിശ്ചയിക്കുന്നു എന്നുപറയുന്നുണ്ട്. അത് ഏറ്റവും വേഗം പ്രഖ്യാപിക്കണമെന്ന് മാത്രമല്ല കേരളത്തിലെ കർഷകരെ രക്ഷിക്കാൻ ബഡ്ജറ്റിന്റെ വലിയൊരു ഭാഗം നീക്കിവയ്ക്കേണ്ടിയിരിക്കുന്നു. 70 ശതമാനം വരുന്ന കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സംസ്ഥാന ഗവൺമെന്റ് കാര്യമായി എന്തെങ്കിലും ചെയ്യുന്നില്ലെങ്കിൽ വലിയൊരു പ്രതിസന്ധി ഉണ്ടാകും. എനിക്ക് കൃഷി വകുപ്പ് മന്ത്രിയോട് നന്ദിയുണ്ട്. അവർ ശനിയാഴ്ച തൃശ്ശൂർ ഭാമനിലയത്തിൽ വന്ന് കൃഷി ഉദ്യോഗസ്ഥൻമാരേയുംമറ്റും വിളിച്ച് കുറേ കാര്യങ്ങൾ ചർച്ച ചെയ്തതായിട്ട് ഞങ്ങൾക്ക് അറിയാൻ സാധിച്ചു. എനിക്ക് പറയാനുള്ളത്, ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി പ്രത്യേക താൽപ്പര്യമെടുത്ത് കൊടുത്തു തീർക്കാനുള്ള കടബാദ്ധ്യതകൾ ഏറ്റവും വേഗത്തിൽ കൊടുത്തു തീർക്കാൻ നടപടിയെടുക്കണം. കോൾ മേഖല സമുദ്ര നിരപ്പിൽ നിന്ന് വളരെ താഴ്ന്ന പ്രദേശമാണ്. അവിടെ കൃഷി ഇറക്കാൻ ഒരുപാട് പമ്പിംഗ് സബ്സിഡി ആവശ്യമാണ്. കൃഷി വകുപ്പും വൈദ്യുതി വകുപ്പും തമ്മിൽ തർക്കം നിലവിലുള്ളതുകൊണ്ട് പലപ്പോഴും കർഷകർക്ക് വൈദ്യുതിയുടെ കാര്യത്തിലും പ്രശ്നങ്ങളുണ്ട്. കൃഷിവകുപ്പ് സിവിൽ സപ്ലൈസ് കോർപ്പറേഷനും വൈദ്യുതി വകുപ്പുമായി ചേർന്ന് കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മുന്തിയ പരിഗണന നൽകണം; പ്രധാനപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണം. ധനകാര്യവകുപ്പുമന്ത്രിയുമായി ചർച്ച നടത്തി കൃഷിക്ക് ബഡ്ജറ്റിൽ വലിയ തുക മാറ്റിവയ്ക്കാനുള്ള നടപടി സ്വീകരിക്കണം. കേരളത്തിലാകെ—തൃശ്ശൂർ ജില്ലയിൽ പ്രത്യേകിച്ച്—ഇന്ന് നെല്ല് എടുക്കുന്ന കാര്യത്തിൽ ഉണ്ടായിട്ടുള്ള പ്രതിസന്ധി അവസാനിപ്പിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): തൃശ്ശൂർ ജില്ലയിൽ 2004-ൽ ഇരിപ്പു കൃഷിക്ക് സംഭരണ വിലയായി തീരുമാനിച്ചത് ക്വിന്റലിന് 760 രൂപയായിരുന്നു. 760 രൂപ വില നിശ്ചയിച്ച പ്രകാരം സംഭരണം നടത്താൻ ആരും തയ്യാറായില്ല. അതിന്റെ അടിസ്ഥാനത്തിൽ ചുവപ്പ് വിരിപ്പിന് 720-ഉം വെള്ളയ്ക്ക് 700-ഉം രൂപ വില മാറ്റി നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ ഇന്നലെ സംഭരണം നടത്താൻ 6 സംഘങ്ങൾ തയ്യാറായി വന്നിട്ടുണ്ട്. സംഭരണം നടക്കും. സംഭരണത്തിനാവശ്യമായ പണം മുഴുവൻ കൊടുക്കാൻ കഴിഞ്ഞില്ലെങ്കിലും കുറച്ചു

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തു. സംഭരണത്തിനാവശ്യമായ തുകയും അനുവദിക്കുന്ന തുകയും തമ്മിലുള്ള അന്തരം കുറേ വിഷമങ്ങൾ procurement-ന് ഉണ്ടാക്കുന്നുണ്ട്. സംസ്ഥാന കൃഷിവകുപ്പ് കൃഷിക്ക് ചെലവാക്കുന്ന തുക ഡീസെൻട്രലൈസേഷൻശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നീക്കിവയ്ക്കുന്ന തുകയുടെ നാലിലൊന്ന് മാത്രമാണ്. നാലിൽ മൂന്ന് ശതമാനം തുകയും ഡീസെൻട്രലൈസ് ചെയ്ത സ്വയംഭരണ സ്ഥാപനങ്ങളാണ് വഹിക്കുന്നത്. വെള്ളം അടിക്കുന്നതിന് വേണ്ടിയുള്ള ഇലക്ട്രിസിറ്റി ഡ്യൂട്ടിയും നെല്ല് സംഭരണത്തിനുള്ള തുകയും കൂടി കൂട്ടിയാൽ സംസ്ഥാന ബഡ്ജറ്റ് തുക പിന്നെ ഉണ്ടാവുകയില്ല. മറ്റ് പല പദ്ധതികൾക്കും ആവശ്യമായിട്ടുള്ള തുക ഉൾക്കൊള്ളിക്കാൻ കഴിയാത്ത ഒരു ബഡ്ജറ്റാണ് നമുക്കുള്ളത്. കൃഷിയുടെ ബഡ്ജറ്റായതുകൊണ്ട് ആവശ്യമുള്ള പണം പലപ്പോഴും കുറവായാണ് വരുന്നത്. അത് അഡീഷണൽ ആതറൈസേഷനായോ സപ്ലിമെന്ററി ഡിമാന്റായോ കണ്ടുപിടിക്കണം. അതും നമ്മുടെ സാമ്പത്തിക സ്ഥിതി വച്ച് സമയത്തിന് കിട്ടാതെ വരുന്നു. അതിനാൽ സംഭരണത്തിനും അൽപ്പം കാലതാമസം വന്നു. തൃശ്ശൂർ ജില്ലയിൽ സംഭരണത്തിന് 2,95,93,397 രൂപ കുടിശ്ശികയിനത്തിൽ കൊടുക്കാനുണ്ട്. അത് കൊടുക്കുന്നതിനാവശ്യമായിട്ടുള്ള നടപടികളെടുക്കുന്നതിന് പണം ചോദിച്ചിട്ടുണ്ട്. ഏതാണ്ട് 13 കോടി രൂപയോളം സംവരണത്തിന് സംസ്ഥാന മൊട്ടാകെ കുടിശ്ശിക വേണമെന്നുള്ള സ്ഥിതിയിൽ കൃഷി ഡിപ്പാർട്ടുമെന്റ് 10 കോടി രൂപ ആവശ്യപ്പെട്ടു. 5 കോടി രൂപ ഇപ്പോൾ കിട്ടിയിട്ടുണ്ട്. 3 കോടി നേരത്തെ കിട്ടി. 5 കോടി ഇപ്പോൾ കിട്ടിയതിൽ നിന്നും ആവശ്യമായിട്ടുള്ള തുകയിൽ കുറച്ച് ഭാഗം തൃശ്ശൂരിന് കൊടുത്തിട്ടുണ്ട്. ഒരു പക്ഷപാതവും തൃശ്ശൂരിനോട് കാണിച്ചിട്ടില്ല. ഞാൻ പക്ഷപാതം കാണിക്കുന്നുവെന്ന് എന്നോട് നേരിട്ട് സഖാവ് രാജേന്ദ്രൻ പറഞ്ഞു. തൃശ്ശൂർ ജില്ലയ്ക്ക് 2 കോടിയിൽ ചില്വാനം രൂപ ഇപ്രാവശ്യം കൊടുത്തിട്ടുണ്ട്. പല കാര്യങ്ങൾ പറഞ്ഞതിന്റെ കൂട്ടത്തിൽ ശ്രീ. പോൾസൺ മാസ്റ്റർ പറഞ്ഞു. കൃഷിക്ക് കടം ഒരുപാടുണ്ട്, പലർക്കും ആനുകൂല്യം കൊടുക്കുന്നു, കർഷകർക്ക് കൊടുക്കുന്നില്ല എന്ന്. ഇക്കൊല്ലം കൂടിയ നിയമസഭാ സമ്മേളനങ്ങളിൽ ഏറ്റവും കൂടുതൽ ചർച്ച ചെയ്തത് കൃഷിക്കാരുടെ പ്രശ്നങ്ങളാണ്. കോ-ഓപ്പറേറ്റീവ് ഡിപ്പാർട്ട്മെന്റും ഏതാണ്ട് 100 കോടി രൂപയോളം ഇന്ററസ്റ്റ് waiver നടത്തിയിട്ടുണ്ട്. ഈ ഗവൺമെന്റ് drought/ വെള്ളപ്പൊക്ക സഹായം, കൃഷിക്ക് ബോണസ് സബ്സിഡി, വിദ്യുച്ഛക്തി ഡ്യൂട്ടി എന്നിവയായി വളരെ സഹായം കൃഷിക്കാർക്ക് ചെയ്തു. സംസ്ഥാനത്തിന്റെ ധനസ്ഥിതി മോശമായി വന്നതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റിനെ സമീപിച്ച് നമ്മുടെ ബുദ്ധിമുട്ട് പറഞ്ഞു. നമ്മുടെ കൃഷികൾ ദീർഘകാലം ഉള്ളതാണ്. അതുകൊണ്ട് അത് നഷ്ടപ്പെട്ടാലുണ്ടാകുന്ന കൂടുതൽ ചെലവുകൾ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ പ്രധാനമന്ത്രി വന്നപ്പോൾ കൃഷിക്കാവശ്യമായ നഷ്ട പരിഹാരത്തിന് ഇന്ററസ്റ്റ് സബ്സിഡിയായി 106 കോടി രൂപ അനുവദിക്കുമെന്ന് പറഞ്ഞു. അതിന് ഉത്തരവും കിട്ടി. പക്ഷെ ഡീറ്റയിൽഡായിട്ടുള്ള ഓർഡർ കിട്ടാത്തതിന്റെ അടിസ്ഥാനത്തിൽ പണം ചെലവാക്കാൻ കഴിഞ്ഞിട്ടില്ല. പലപ്പോഴായി ഈ ഗവൺമെന്റ് കൃഷിക്കാരൻ അടച്ചുതീർക്കേണ്ട ഹ്രസ്വകാല വായ്പകൾ ഇടക്കാല

LIBRARY ARCHIVES Kerala Legislative Assembly

വായ്പയായും, ഇടക്കാല വായ്പകൾ ദീർഘകാല വായ്പയായും, കമേഴ്സ്യൽ ബാങ്കുകളിൽ നിന്നുള്ള കടം അടയ്ക്കുന്നതിന് രണ്ട് കൊല്ലത്തേക്ക് കാലാവധി ദീർഘിപ്പിച്ചും, പിരിവ് നടപടികൾ നിർത്തിവച്ചും കൃഷിക്കാർക്ക് സഹായം കൊടുക്കുന്നു. കേന്ദ്രഗവൺമെന്റിനോട്, 50,000 രൂപ വരെ കടമുള്ള കൃഷിക്കാരന്റെ കടം റദ്ദ് ചെയ്ത് കിട്ടണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. അതിനുള്ള സഹായവും ചോദിച്ചിട്ടുണ്ട്. അതിന് കഴിഞ്ഞില്ലെങ്കിൽ ഇന്ററസ്റ്റ് waiver എങ്കിലും ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. ചെയ്യാവുന്നതായിട്ടുള്ള സഹായങ്ങൾ ചെയ്യുന്നുണ്ട്. ഇപ്രാവശ്യം നെല്ലെടുപ്പ് താമസിച്ചു. ഞാൻ മുമ്പ് പറഞ്ഞതുപോലെ ബഡ്ജറ്റ് തുകയും അതിനാവശ്യമായിട്ടുള്ള തുകയും തമ്മിലുള്ള വ്യത്യാസം കൊണ്ടും പുതിയതായിട്ട് 10 കോടി രൂപ കിട്ടാൻ താമസിച്ചതും കുറച്ച് ബുദ്ധിമുട്ട് കൃഷിക്കാർക്ക് ഉണ്ടാക്കിയിട്ടുണ്ട്. 5 കോടി രൂപ ഇപ്പോൾ ഫിനാൻസ് തന്നിട്ടുണ്ട്. നേരത്തെ 3 കോടി രൂപ ബഡ്ജറ്റ് തുക തന്നു. ഇപ്പോൾ രണ്ട് ദിവസത്തിന് മുമ്പ് 2 കോടി രൂപയും തന്നു. ആ രൂപയും കൂടി കൊടുത്ത് നെല്ല് സംഭരണം നടത്താനാവശ്യമായ നടപടികൾ തുടങ്ങി കഴിഞ്ഞു. കഴിഞ്ഞ കൊല്ലത്തേക്കാൾ നെല്ലിന്റെ വില അൽപ്പം കുറഞ്ഞിട്ടുണ്ട്. വർദ്ധിപ്പിച്ച വില 750 രൂപയാക്കിയ ഓർഡർ ഇഷ്യൂ ചെയ്തു. എടുക്കാൻ ആളില്ലായിരുന്നു. അതാണ് സ്ഥിതി. മിനിഞ്ഞാന്നാണ് സെറ്റിൽ ചെയ്ത് നെല്ല് എടുക്കാൻ തയ്യാറായി വന്നത്. 720 രൂപ 700 രൂപയാക്കി. അതുകൊണ്ടാണ് കാലതാമസവും അൽപ്പം ബുദ്ധിമുട്ടും വന്നത്. അത് എടുക്കുന്നതിനുള്ള സംവിധാനം നടക്കുന്നുണ്ട്. എടുക്കും അതുകൊണ്ട് ഇപ്രാവശ്യം തടസ്സമില്ലാതെ പോകുമെന്നാണ് എന്റെ വിശ്വാസം.

<u>ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ</u>: സർ, സംസ്ഥാനത്ത് സബ്സിഡിയായി കൊടുത്തു തീർക്കാനുള്ള മുഴുവൻ തുകയും ഉടനെ കൊടുത്തു തീർക്കാൻ നടപടി സ്വീകരിക്കുമോ? തൃശ്ശൂർ ജില്ലയിൽ മൊത്തം 2 കോടി 95 ലക്ഷത്തിൽപ്പരമാണ് കൊടുത്തു തീർക്കാനുള്ളത്.

<u>ശ്രീമതി കെ. ആർ. ഗൗരിയമ്മ</u>: സർ, തൃശ്ശൂർ ജില്ലയിൽ ഞാൻ പോയിരുന്നു. നിങ്ങളുടെ ഇഷ്യൂ ഇത്ര വലിയ പ്രാധാന്യമുള്ളതാണെന്നു എല്ലാവരും പറഞ്ഞതുകൊണ്ട് ഞാൻ തൃശ്ശൂർക്ക് പോയി. ചർച്ച ചെയ്തതിനുശേഷം ഇന്നുവരെ കൊടുത്തു തീർക്കാനുള്ളത് 2,95,93,097 രൂപയാണ്. അതിൽ തൃശ്ശൂരിന് മാത്രമായിട്ട് ഒരു പ്രത്യേക ഓർഡറുണ്ട്. ആ സൊസൈറ്റി നെല്ല് അരിയാക്കി വിറ്റാൽ അതിന് ഒരു 50 പൈസ സബ്സിഡി കൊടുക്കുമെന്ന്. ആ സബ്സിഡി ഇനത്തിലാണ് രണ്ട് കോടി 95 ലക്ഷത്തിൽപരം രൂപയിൽ 65,51,941 രൂപ കൊടുക്കാനുള്ളത്. അരിയുടെ സബ്സിഡി കുടിശ്ശിക, ഉത്തരവിന്റെ സാങ്കേതികത്വം കൊണ്ട് കൊടുക്കാൻ കഴിയുന്നില്ല. ഉത്തരവ് ഭേദഗതി ചെയ്യാൻ ഒക്കുമോ എന്ന് പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly